# മധുരമിഠായി

# സെൻറ് ആൻറണീസ് ജി. എച്ച്. എസ്. സ്കൂൾ സൗത്ത് താണിശ്ശേരി




## [illegible]

## 2024

ഹെഡ്മിസ്ട്രസ്
സിസ്റ്റർ.റാണിറ്റ
സെൻറ് ആൻറണീസ് ജി. എച്ച്. എസ്. സ്കൂൾ
സൗത്ത് താണിശ്ശേരി

# ആശംസ

പാഠപുസ്തകത്തിനപ്പുറത്ത് വിവരസാങ്കേതിക
വിദ്യയുടെ പുതിയലോകം പരിചയപ്പെടാൻ
ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയിലൂടെ സെൻറ്
ആൻറണീസ് ജി. എച്ച്. എസ്. സ്കൂളിലെ
വിദ്യാർത്ഥിനികൾ ഒത്തൊരുമിച്ച് മുന്നേറുന്നു.
കാലഘട്ടത്തിൻറ മാറ്റത്തിനനുസരിച്ച് പുതിയ
രീതികൾ മനസ്സിലാക്കുവാനും പഠിക്കുവാനും
പ്രവർത്തിക്കുവാനും ഈ വിദ്യാലയത്തിലെ
കുട്ടികൾ എപ്പോഴും സന്നദ്ധരാണ്.മലയാളം
കമ്പ്യൂട്ടിംഗിൻറ ഭാഗമായി 2022-2025 ബാച്ചിലെ
9-ാം ക്ലാസ്സ് വിദ്യാർത്ഥികൾ ഒരുക്കിയിരിക്കുന്ന
ഡിജിറ്റൽ മാസിക "മധുര മിഠായി" യിൽ
നമ്മുടെ കുട്ടികളുടെ സാഹിത്യമികവുകൾ
നിറഞ്ഞു പ്രശോഭിക്കുന്നു."മധുര മിഠായി"ക്കായി
ആത്മാർത്ഥമായി പ്രവർത്തിച്ച എഡിറ്റോറിയൽ
ബോർഡിനും മിഠായിയിൽ മധുരം നിറച്ച
എല്ലാവർക്കും ആശംസകൾ....

മ
ധു
ര
മി
ഠാ
യി



മധുരമിഠായി

2022_2025

LITTLE KITES

BATCH

# താളുകളിലൂടെ......................



1. സൗഹൃദം ..........................................................
2.ചെറുപുഷ്പം..........................................................
3.സത്യം..............................................................
4.കഴിവ്..............................................................
5.കഥകളി..............................................................
6.കേരളം................................................................
7.ആമ കുട്ടൻ..........................................................
8.പലനിറത്തിലുള്ള പൂക്കൾ.......................................
9.പ്രദോഷം.............................................................
10.സൗഹൃദം...........................................................
11.പൊന്മുടിയിലേക്ക്.....................................................
12.എന്റെ വിദ്യാലയം ..................................................
13.പ്രകൃതി................................................................
14.അമ്മ...................................................................
15.സമയം................................................................
16.ഇഷ്ടമുള്ളത് മാത്രം മതിയോ ?...............................
17.വിചിത്രമായ മുട്ട.....................................................
18.പാറി നടക്കും പൂമ്പാറ്റകൾ.......................................
19.നിലാവിൻ രാത്രി.................................................
20.ആലപ്പുഴയുടെ ഓളങ്ങൾ.........................................
21.ദി ആൻജില.........................................................
22.സ്വപ്നം................................................................
23.മഴവില്ല് .............................................................
24.സ്നേഹം..............................................................
25.ഒരു പെൺകുട്ടി...................................................
26.വരയുടെ ലോകം..................................................


മധുരമിഠായി

# സൗഹൃദം

സൗഹൃദമെന്നത് വാലായി കൂടെ
നടന്ന പലരും
ഇന്നെവിടെയാണെന്നൊരു
വാല്യമില്ല.....രൂപ്യമില്ല......
പക്ഷെ ചിലരുണ്ട്..........
അന്നും ഇന്നും
പുലിവാലായി
കൂടെ തന്നെ...............!!!!!!!!!!!!!!!!!
സൗഹൃദം
പലതരത്തിലുണ്ട്
അതിൽ കൂട്ടതല്ലും
പറ്റിച്ചും പണത്തിന്റെ ആർത്തികൊണ്ടും
അടുക്കുന്നവരാണ്.

ആദിലക്ഷ്മി എ.എസ്




മധുരമിഠായി

# ചെറുപുഷ്പം

ദേവപ്രിയ വി.ജി

വസന്തത്തിൻ വർണ്ണങ്ങളേകി
പുതുപ്രതീക്ഷയായി വന്ന
ചെറുപുഷ്പമേ
വെയിലിൽ നിൻ മൊട്ടുകൾ
നറു പുഞ്ചിരി തൂകുന്നു.
നിൻ സുന്ദര ഇതളുകൾ
പുതു ദിനത്തിൽ വിടരുന്നു.
ശലഭങ്ങളാൽ നിൻ
അരികിലണയുന്നു.
നറു തേൻ നുകരുന്ന
പ്രകൃതിയിൽ മനോഹരമേകി
പുതു കണിയായി വന്ന
ചെറുപുഷ്പമേ,
കൊഴിയുന്ന നിൻ ദളങ്ങൾ
ഭൂമിയിൽ വന്നു അലിയുന്നു



ശ്രീനന്ദന

## സത്യം

സത്യത്തെ വിജയിപ്പിക്കുക.
സത്യം എന്നത് വെറു വാക്കായല്ല
കാണേണ്ടത്
അത് തെളിയിച്ചു കാണിക്കുകയും വേണം.
എന്നാലാണ് സത്യത്തിന്
മാതൃകയാവുന്നത്.
സത്യം ക്രൂടപ്പിറപ്പാവുക.
സത്യം ഉള്ളവൻ പരിശുദ്ധൻ.
സത്യം പറയുന്നവൻ മനസ്സിൽ
കളങ്കമില്ലാത്തവൻ.
സത്യം ഒരിക്കലും മരിക്കുകയില്ല .
ഈലോകത്ത് സത്യത്തെ കൊണ്ടുവരിക.
സത്യത്തെ വിജയിപ്പിക്കുക....
സത്യത്തെ വിജയിപ്പിക്കുക....

മധുരമിഠായി

അനസ് മരിയ

# കഴിവ്

പണ്ട് ഒരിക്കൽ ഒരു കുട്ടി പള്ളിക്കൂടത്തിൽ
പഠിക്കുകയായിരുന്നു.അവനെക്കൊണ്ട് ഉപകാരം ഒന്നും
ഇല്ലെന്നാണ് എല്ലാവരും   പറഞ്ഞിരുന്നത്.അങ്ങനെയിരിക്കെ
അവനെ എല്ലാവരും
കളിയാക്കി. ആ പേരുപറഞ്ഞ് അവൻ കുറേ
കരഞ്ഞു. പിറ്റേ ദിവസം പള്ളിക്കൂടത്തിൽ
ചെന്നപ്പോൾ ടീച്ചർ എല്ലാവരോടും കൂടി
പറഞ്ഞു കടലിൻറെ ആഴം എന്തോരം
ഉണ്ടെന്ന് കടലിനു മാത്രം അറിയുള്ളൂ.
നമുക്കത് അറിയാൻ പറ്റില്ല.
അപ്പോൾ നമ്മുടെ ഉള്ളിൽ  എന്തോരം കഴിവ് ഉണ്ടെന്ന് നമുക്ക്
മാത്രം അറിയുള്ളൂ.
അതുകൊണ്ട് മറ്റുള്ളവരുടെ കാര്യത്തിൽ
നമ്മൾ കൂടുതൽ ഇടപ്പെടാതിരിക്കുക.
ഇരു കേട്ടപ്പോൾ ആ കുട്ടിക്ക് സന്തോഷമായി.

# ആമ കുട്ടൻ

ആമ കുട്ടന് തലയുണ്ട്
ആഹ..ആഹ.. കാലുണ്ട്
ആളെ കണ്ടാൽ തലയില്ല
അയ്യോ..പാവം.. കാലില്ല

അനീറ്റ പി ജെ


മധുരമിഠായി

സ്നേഹ പി.ജെ

## പലനിറത്തിലുള്ള പൂക്കൾ

പൂക്കൾ കാണാൻ വളരെ മനോഹരമാണ്. പലനിറത്തിലുള്ള പൂക്കൾ. ചുമപ്പുനിറമായും റോസു നിറമായും നമ്മുടെ മുമ്പിൽ കാണാറുണ്ട്. നമുക്ക് എന്ത് വിഷമങ്ങളുണ്ടെങ്കിലും ആ മനോഹരമായി നിൽക്കുന്ന

പൂക്കളെ നോക്കിനിന്നാൽ മതി, ആ വിഷമങ്ങളെല്ലാം മാറാൻ. പൂക്കൾ കൊണ്ട് നമുക്ക് വളരെ ഉപയോഗങ്ങളുണ്ട്. എന്തെല്ലാം ആവശ്യങ്ങൾക്കാണ് നമ്മൾ പൂക്കൾ ഉപയോഗിക്കുന്നത്.അതുകൊണ്ട് എല്ലാവർക്കും പൂക്കൾ വളരെ ഇഷ്ടമാണ്. വളരെ മനോഹരമായി നിൽക്കുന്ന പൂക്കൾ കാണുമ്പോൾ നമ്മുക്ക് വളരെ സന്തോഷമാണ്.



# പ്രദോഷം

അനറ്റ് മരിയ

ഓരോ രാത്രിയും മറക്കാൻ പറ്റാത്ത ഓരോ അനുഭവങ്ങൾ
നമുക്ക് നൽകുന്നു. ചന്ദ്രനും നക്ഷത്രങ്ങളും നിലാവുള്ള രാത്രിയും
കാണാൻ എത്രയേറെ മനോഹരം.ഓരോ രാത്രിക്കും പറയാ-
-നുണ്ടാകും ഓരോ കഥ.ഓരോ മനുഷ്യരുടെയും സ്വപ്ന കഥ.
നമ്മെ തഴുകി തലോടുന്ന കാറ്റും ആ പ്രദോഷം ഫലഭൂയിത-
- യണിയിക്കുന്നു.രത്രിയുടെ പൂവായ നിശാഗന്ധിയും മുല്ലയും
ആ നിലാവുള്ള രാത്രിയെ കൂടുതൽ സൗഗന്ധികമാക്കുന്നു.
ചൂടിനാൽ തളരുന്ന പകലിനെ തഴുകിയുണർത്തി ശാന്തമാക്കാൻ
സന്തോഷവും അനുഭൂതിയും നൽകി നിശയെത്തുന്നു.
ഓരോ രാത്രിയും ഓരോ മനുഷ്യനെയും സ്വപ്നം എന്നപോലെ
തുടച്ചമാറ്റുന്നു.ഓരോ മനുഷ്യനും ഓരോ രാത്രിയെ
ദുഃഖത്തോടെയും സന്തോഷത്തോടെയുമാണ് ഓർക്കുന്നത്.
ഇരുട്ടിനെ കൂടുതൽ ശോഭയുളവാക്കാൻ വാനിൽ മുല്ല-
- മുട്ടുകൾ പോലെ ചിന്നിചിതറി താരകൾ നമ്മെ നോക്കുന്നു.
കുളിരുള്ള രാത്രിയിൽ ശാന്തമായ കാറ്റ് മരങ്ങളെ തഴുകുന്നു.
രാത്രിയെ നോക്കി നിൽക്കാൻ എത്ര മനോഹരം.

ആൻമരിയ

# പൊന്മുടിയിലേക്ക്....

ആദ്യമായി പൊന്മുടിയിലേക്ക് യാത്ര ചെയ്തതിന്റെ ഈ മനോഹരമായ വിവരണം എഴുതി തയ്യാറാക്കിയിരിക്കുന്നത് ആനവണ്ടി ബ്ലോഗിന്റെ അഡ്മിനുകളിൽ ഒരാളായ റിയാസ് റഷീദിന്റെ ബീവിയായ സിബിനയാണ്.

ജീവിതത്തിൽ ഒരുപാട് യാത്രചെയ്യുവാനുള്ള ഭാഗ്യം ലഭിച്ചത് ഇപ്പോഴാണ്.കേട്ട് കേൾവിയുള്ള പല സ്ഥലങ്ങളും കണ്ണുകൾക്ക് മുന്നിൽ നിറഞ്ഞു നിന്നപ്പോൾ പലപ്പോഴും വിശ്വസിക്കാനാവാതെ നിന്നിട്ടുണ്ട്, അത്തരത്തിലുള്ള യാത്രകൾ എഴുതി വെയ്ക്കാം തോന്നിയപ്പോഴാണ് എന്നിൽ നിന്നും ആദ്യമായി യാത്രാ വിവരണം ഉണ്ടായത് തന്നെ.

ഇത് പൊന്മുടിയിലേക്കുള്ള യാത്രയാണ്. കോട്ടയംകാരിയായ എനിക്ക് തിരുവനന്തപുരവും പൊന്മുടിയുമെല്ലാം വാക്കുകളും ചിത്രങ്ങളും മാത്രമായിരുന്നു ഈ യാത്രയ്ക്ക് മുൻപ് വരെ. വന്നപ്പോൾ തന്നെ ഞങ്ങളെ അനന്തപുരി വരവേറ്റത് ചാറ്റൽ മഴയോടെയായിരുന്നു. അങ്ങനെ ചാറ്റൽ മഴയും കൊണ്ട് തമ്പാനൂർ നിന്നും പാളയം വരെ രാത്രിയിൽ ഒരു നടത്തം. അതും രാത്രി 11 മണിക്ക്. ജീവിതത്തിൽ ആദ്യമായിട്ടാണ് ഈ സമയത്ത് ഒരു നഗരത്തിലൂടെ നടക്കുന്നത് ചാറ്റൽ മഴയും കൊണ്ട് പാളയം വരെ കൂടെയുള്ള റിയാസിന്റെ ഓരോ കഥകൾ കേട്ടുകൊണ്ടാണ് നടന്നത്.

ദിയ കെ ഡി

# എന്റെ വിദ്യാലയം

എനിക്കേറ്റവും പ്രിയമുള്ളതാണ് എന്റെ വിദ്യാലയം.കുട്ടിക്കാലം മുതൽ എന്റെ ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയ ഒരിടമാണ് എന്റെ വിദ്യാലയം.കളിക്കൂട്ടുകാരും അധ്യാപകരും എനിക്കേറ്റവും പ്രിയമുള്ളതാണ്.എൻറെ ക്ലാസ് മുറികളും കൂട്ടുകാരും ഓർമ്മകളും എന്റെ മനസ്സിൽ മായാതെ ഇന്നും നിൽക്കുന്നു.ജീവിത ദുഃഖങ്ങളിൽ കൂട്ടായി നിന്ന് എൻറെ അധ്യാപകരെ ഞാൻ ഇന്നും ബഹുമാനിക്കുന്നു.വിദ്യാലയത്തിലെ ഓരോ ആഘോഷങ്ങളും എൻറെ ഓർമ്മയിൽ മായാതെ തങ്ങിനിൽക്കുന്നു.എനിക്ക് ഏറ്റവും പ്രിയപ്പെട്ട ഒരിടമാണ് എൻറെ വിദ്യാലയം.അറിവിൻറെ ആദ്യാക്ഷരങ്ങൾ പകർന്നു തന്ന ഗുരുഭൂതരെ ഞാനിന്നും ഓർമ്മിക്കുന്നു.വിദ്യാലയ മുറ്റത്ത് ഇന്നും പാറി നടക്കുന്ന കുഞ്ഞുമക്കളെ കാണുമ്പോൾ ഞാൻ എൻറെ കുട്ടിക്കാലം ഓർമിക്കുന്നു.നന്മകളും സന്തോഷവും നിറഞ്ഞ ആ കാലം എനിക്ക് ഏറ്റവും പ്രിയപ്പെട്ടതാണ്.ഒരു മനുഷ്യൻറെ മറക്കാൻ പറ്റാത്ത ഇടങ്ങളിൽ ഒന്നായിരിക്കും അവനെ കൈപിടിച്ചു നടത്തിയ അവൻറെ വിദ്യാലയം.വിദ്യാലയ ഓർമ്മകളെ നമുക്കും സ്മരിക്കാം.

# പ്രകൃതി

ജൂലിയ ജോയ് കെ

പ്രകൃതി നമ്മുടെ അമ്മയാണ്. പ്രകൃതിയിലെ ഓരോരോ മാറ്റങ്ങളും
നമ്മുക്ക് സുഖമേറിയതാണ്. പുലർച്ചമുതൽ രാത്രിവരെ പ്രകൃതി
ഓരോരോ നല്ലന്നല്ല മാറ്റങ്ങൾ വരുത്തുന്നു. കുരുവികളും കുയിലുകളും
പുലർച്ചെതന്നെ തൻെറ അന്നത്തെ ഇരയെ തേടി യാത്ര
ആരംഭിക്കുന്നു. പുഴകളും മരങ്ങളും കാണാൻ എത്രമനോഹരം.
മഴ പെയ്യുമ്പോൾ ആ മഴയുടെ ശബ്ദം കേട്ട് കളിക്കാൻ എന്ത്
രസമാണ്. അപ്പോൾ പ്രത്യക്ഷപ്പെടുന്ന മഴവില്ലോ, അതിനേറെ
മനോഹരം.പ്രകൃതിയിലെ ഓരോ ശബ്ദവും മനുഷ്യനോട്
സംസാരിക്കുന്നു പക്ഷെ നമ്മൾ കേൾക്കുന്നില്ല.
പ്രകതിയിലെ ഓരോ ഭംഗിയും നമ്മൾ കാണുന്നു.
പ്രകൃതിയിലെ ഓരോ വസ്തുക്കളും അതിമനോഹരമായിരിക്കുന്നു.
പ്രകൃതി അന്നും ഇന്നും എന്നും ഭംഗിയുടെ പ്രതീകമായി മാറുന്നു.
ദൈവത്തിൻെറ അതിമനോഹരമായ സൃഷ്ടിയാണ് പ്രകൃതി.
പ്രകൃതിയുടെ സൗന്ദര്യത്തിന് ഓരോ അർത്ഥമാണ് . ദൈവമെന്ന
കവി എഴുതിയ ഏറ്റവും വർണ്ണമുള്ള കവിതയാണ് പ്രകൃതി.

ആസ്മി സണ്ണി

മ
ധു
ര
മി
ഠാ
യി

# അമ്മ

അമ്മയെന്ന രണ്ടക്ഷരത്തിന്ന അർത്ഥങ്ങളേറെ
ജനനം മുതൽ മരണം വരെ എന്നും താങ്ങായി
തണലായി.................
എന്റെകൂടെ എന്നമ്മയുണ്ട്

ആദ്യാക്ഷരങ്ങൾ പറഞ്ഞു തന്നു
പ്രാർത്ഥിക്കാൻ എന്നെ പഠിപ്പിച്ചു തന്നു
കുഞ്ഞിളം കൈകളിൽ  സ്നേഹത്തിൻ
 നറുമലരുകൾ പകർന്നു തന്നു.

മറക്കാനെനിക്കാവില്ല എന്നമ്മയെ
ഒരുനാളും ..........ഒരുനാളും...............................

യു . അശ്വതി ദേവി

# സമയം

സമയം വളരെ വിലപ്പെട്ടതാണ്.

സമയം ഒരിക്കലും നമ്മെ കാത്തിരിക്കില്ല.

നാം സമയത്തെയാണ് കണ്ടെത്തേണ്ടത്.

സമയം നമ്മുടേതായ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തണം.

കഴിഞ്ഞുപോയ സമയങ്ങൾ ഒരിക്കലും തിരിച്ചുവരില്ല.

സമയം നാം ഒരിക്കലും പാഴാക്കരുത്.

ഒരിക്കലും വീണ്ടുകിട്ടാൻ

ആഗ്രഹിച്ചാലും തിരിച്ചു എടുക്കാൻ കഴിയാത്തതാണ് സമയം.

അതുകൊണ്ടു തന്നെ സമയം വളരെ വിലപ്പെട്ടതാണ്.

സമയം

പാഴാക്കിയശേഷം അതിനെച്ചൊല്ലി വിഷമിച്ചിട്ട് കാര്യമില്ല.

സമയത്തെ പലരും അനാവശ്യമായി ഉപയോഗിക്കുന്നു.

അതുകൊണ്ട് തന്നെ സമയം അനാവശ്യമായി പാഴാക്കരുത്.....

മധുരമിഠായി

ധനലക്ഷ്മി

നമ്മുടെ ജീവിതത്തിൽ വിവിധ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്.എന്നാൽ പലപ്പോഴും ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യാൻ മാത്രമാണ് നാം ശ്രമിക്കുക .
ബുദ്ധിമുട്ടുള്ള കാര്യങ്ങൾ മാറ്റിവയ്ക്കും.എന്നുമാത്രമല്ല നമ്മുടെ ജീവിതത്തിൽ നാം ചെയ്യുന്ന കാര്യങ്ങൾക്ക് ഒരു മുൻഗണനാക്രമവും നാം പാലിക്കാറില്ല.
ഇതോടെ ജീവിതത്തിൽ വിജയിക്കാൻ നാം പരാജയപ്പെട്ടു പോകുന്നു.

# ഇഷ്ടമുള്ളത് മാത്രമോ ?

ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യമെന്ന് പറയുന്നത് പ്രധാനപ്പെട്ട കാര്യത്തെ പ്രധാനപ്പെട്ട കാര്യമായ് സൂക്ഷിക്കുക എന്നതാണെന്ന് അമേരിക്കൻ ചിന്തകനും ഗ്രന്ഥകാരനുമായ സ്റ്റീഫൻ കോവി എഴുതിയിരിക്കുന്നത് വളരെ ശരിയാണ് .

നമ്മുടെ ജീവിതത്തിൽ
ഒരു മുൻഗണനാക്രമം ഉണ്ടാകട്ടെ.
അത് നാം ചെയ്യേണ്ടതായ
കാര്യങ്ങളിലുമാകട്ടെ.

ഹന്ന അൽഫോൺസ

# വിചിത്രമായ മുട്ട

ഒരു വനത്തിൽ ഒരു മുയൽ ജീവിച്ചിരുന്നു. ആ മുയൽ കാട്ടിലൂടെ നടക്കുകയായിരുന്നു പെട്ടെന്ന്, അവൻ ഒരു വൃത്തത്തിലും നിറവുമുള്ള ഒരു വലിയ മുട്ട കണ്ടെത്തി. മുയൽ ആ മുട്ട എടുത്ത് സൂക്ഷിച്ച് നോക്കി. "ഇത് ആരുടെ മുട്ടയാണ്?" മുയൽ അത്ഭുതപ്പെട്ടു. മുയൽ തൻെറ പ്രിയ സുഹൃത്തായ ആമയോട് ചോദിച്ചു. "ഇത് നിൻെറ മുട്ടയാണോ? ഇത് എൻെറ മുട്ടയല്ല" ആമ മറുപടി പറഞ്ഞു. ശേഷം മുയൽ തൻെറ മറ്റൊരു സുഹൃത്തായ കുരങ്ങനൊട് ചോദിച്ചു "ഇത് ഒട്ടകത്തിൻെറ മുട്ടയാണോ?" കുരങ്ങൻ പറഞ്ഞു ഇത് നിറമുള്ളതും വലിയതുമാണ്. ഇത് ഒട്ടകത്തിൻെറ  മുട്ടയല്ല. അവസാനം മുയൽ തൻെറ മറ്റൊരു സുഹൃത്തായ കൊക്കിനെ വിളിച്ചു ചോദിച്ചു "ഇത്  ആനയുടെ മുട്ടയാണോ?" അല്ല എന്ന് കൊക്ക് മറുപടി പറഞ്ഞു. കൊക്ക് മുട്ടയെ നിരീക്ഷിച്ചു. എന്നിട്ട് മുട്ടയിൽ ഒരു കൊത്ത്. മുട്ട "ഫിസ്സ് "എന്ന ശബ്ദത്തോടെ പൊട്ടിത്തെറിച്ചു. അവസാനം അത് കാറ്റിൻെറ മുട്ടയാണ് എന്ന് നിഗമനത്തിലെത്തി. അതെ! ഇതൊരു കാറ്റിൻെറ മുട്ടയാണ് എല്ലാവർക്കും സന്തോഷമായി. അവർ തുള്ളിച്ചാടി.

ജുവൽ എലിസബത്ത്

# പാറി നടക്കും പൂമ്പാറ്റകൾ

വർണ്ണ ചിറകുകളുള്ള പൂമ്പാറ്റകൾ
പുക്കൾ തോറും പാറി നടക്കും പൂമ്പാറ്റകൾ
പൂന്തേൻ കുടിക്കും പൂമ്പാറ്റകൾ
പൂന്തോട്ടത്തിൽ ഭംഗി നിറയ്ക്കും പൂമ്പാറ്റകൾ

മുട്ടയിൽ നിന്നു പുഴുവാകും
പുഴുവിൽ നിന്നു പ്യൂപ്പയാകും
പ്യൂപ്പയിൽ നിന്നും പൂമ്പാറ്റകൾ
പലവർണ്ണത്തിലുള്ള പൂമ്പാറ്റകൾ

കണ്ണിൽ കുളിർമയേകും പുമ്പാറ്റകൾ
മനസ്സിൽ ആനന്ദം നൽകും പുമ്പാറ്റകൾ
പ്രകൃതിയിൽ ഭംഗിയേകും പുമ്പാറ്റകൾ
ചിറകടിച്ചുയരുന്ന പൂമ്പാറ്റകൾ

# നിലാവിൻ രാത്രി

അലീന ഡേവിസ്

പൂതിങ്കൾ ശോഭ പോലെ നിറഞ്ഞ
വാനമേഘങ്ങൾ,
നിലാവിൻ ഒളിപകരുന്ന വെളിച്ചത്തിൽ
ചിന്നിചിതറി
മാനത്ത് ഉദിച്ചു നിൽക്കുന്ന നക്ഷത്രങ്ങൾ.
പൗർണമി നാളിൽ പൂർണ്ണ ചന്ദ്രന്റെ ശോഭ
പകർന്ന രാത്രിയേകുന്ന
നിലാവിന്റെ വെളിച്ചം എന്നും
എൻ കുളിർ മഴ പോലെ
എൻ ഹൃദയത്തിൽ വന്ന് പതിക്കുന്ന
മനോഹരമായ രാത്രികൾ.
വെള്ളി നൂൽ പോലെ വാനമേഘങ്ങളിൽ
പടർന്ന് കിടക്കുന്ന നക്ഷത്രങ്ങൾ
നിശയിൽ പൊങ്ങിവരുന്ന വർണങ്ങൾ എന്നും
തനിമയെ മനോഹരപ്പെടുത്തുന്നു
എൻ മയക്കത്തെ തൊട്ടുതഴുകുന്ന
നിലാൻ വെളിച്ചം എൻ മസ്സിനെ
ഉണർത്തുന്നു.

അതുല്യ മരിയ

യാത്രാവിവരണം:-

## ആലപ്പുഴയുടെ ഓളങ്ങൾ

ഞാൻ ഈപ്രാവശ്യത്തെ അവധികാലത്ത് പോയ സ്ഥലമാണ് ആലപ്പുഴ.കേരളത്തിലെ ടൂറിസം ഗ്രാമഭംഗിയിൽ തിളങ്ങി നിൽക്കുന്ന നാടാണ് ആലപ്പുഴ.ആലപ്പുഴയിലെ ഹൗസ് ബോട്ടിംഗ് യാത്ര നല്ല അനുഭവമാണ് എനിക്ക്. ഒരു ദിവസം അമ്മ പറഞ്ഞു നല്ല സ്ഥലമാണ് ആലപ്പുഴയെന്ന്. പിന്നെ അവധിക്കാലം തന്നെ പോകുവാൻ ഞാനും എന്റെ കുടുംബവും തീരുമാനിച്ചു. മെയ് ആദ്യ ഞായറാഴ്ച രാവിലെ 4 മണിക്ക് ഞങ്ങളുടെ കുടുംബം യാത്ര തുടങ്ങി. ഞങ്ങൾ കാറിലാണ് യാത്ര പോയത്. രാവിലെ 7 മണിയായപ്പോൾ ഞങ്ങൾ പോയ വഴിയേ ഒരു ഹോട്ടലിൽ കയറി. ഞങ്ങൾ ഭക്ഷണം കഴിച്ചു. ഞങ്ങളുടെ കാർ അവിടെ പാർക്ക് ചെയ്തതിനുശേഷം ഒരു ചെറിയ ബോട്ടിൽ ഞങ്ങൾ അവിടുന്ന് യാത്രയായി. ഹൗസ്ബോട്ടിന്റെ അടുത്ത് പാർക്ക് ചെയ്തു. ഹൗസ്ബോട്ടിൽ നിന്ന് യാത്ര തുടങ്ങി. മറ്റൊരു ദ്വീപിലാണ് പോയത്. അവിടെ വെനീസിലെപോലെ തലങ്ങും വിലങ്ങും തോടുകളായതിനാൽ കിഴക്കിന്റെ വെനീസെന്ന് അറിയപ്പെടുന്നത് വെറുതെയല്ല. അവിടെ എത്തിയപ്പോഴാണ് മനസ്സിലായത്. ഹൗസ്ബോട്ടിന് വീടിന് സമാനമായ സജ്ജികരണങ്ങൾ ഉണ്ടായിരുന്നു. നെഹ്റു ട്രോഫി വള്ളംകളി നടക്കുന്ന അവിടുത്തെ പുന്നമട കായലിലൂടെയാണ് ഞങ്ങൾ പോയത്.

മധുരമിഠായി

ഷെറിൻ ഷാജി തോമസ്

# ദി ആൻജില

പണ്ട് ഒരിക്കൽ ബേൽമൗണ്ട് എന്ന ഒരു കൊച്ചു ഗ്രാമമുണ്ടായിരുന്നു. അവിടെ ആൻജില എന്ന ഒരു കുട്ടിയുണ്ടായിരുന്നു.അവൾ ഒരു മായജാലകുട്ടിയാണ് .അവളുടെ അച്ഛൻ അമ്മ ഒരു വാഹന അപകടത്തിൽ മരണപ്പെട്ടു. ഒരു കൊലയായിരുന്നു.അവൾവിചാരിച്ചു ഇത് ശരിയല്ല.അവൾ കഷ്ടപ്പെടാൻ തുടങ്ങി.വർഷങ്ങൾക്ക് ശേഷം അവൾ ഒരു വക്കീലായി.അവൾ നീതി നൽകാൻ തുടങ്ങി. എല്ലാം നല്ല തുടക്കത്തിനും നല്ല അവസാനം ഉണ്ടാകില്ല.ആ ഗ്രാമത്തിൽഒരു സമ്പന്നമായ കുടുബമുണ്ടായിരുന്നു."ദി റെഡ് കുടുബം" ആ കുടുബത്തിലെ ഇളയ അംഗമാണ് അലക്സ്.അവനെ മയക്കമരുന്ന് കച്ചവടത്തിൽ പോലിസ് അറസ്റ്റ് ചെയ്തു. അവന് ജാമ്യം നൽകാൻ റെഡ് കുടുബം ആൻജിലയെ കണ്ടു. അവൾക്ക് ഇത് ശരിയല്ല എന്ന് മനസ്സിലായി.അവൾ അവരെ കബളിപ്പിച്ച് അവന് ജാമ്യം നൽകിയില്ല.പകയിൽ അവളുടെ ജിവൻ എടുക്കാൻ കുടുബം തിരുമാനിച്ചു. 31ഡിസംബർ 1999 അർധരാത്രി അവൾ കൊല്ലപ്പെട്ടു.

ആർദ്ര

# സ്വപ്നം

സ്വപ്നമാകുന്ന ജീവിതവിഥീകളിൽ നമ്മൾ ഒറ്റപ്പെടുന്നില്ല എന്ന
യാഥാർത്ഥ്യത്തിൻെറ പൊരുൾ നമ്മൾ മനസ്സിലാക്കുന്നു.....

ഉറക്കത്തിൽ കാണുന്ന സ്വപ്നത്തിൻെറ ആഴത്തിൽ
നമ്മൾ ഉരുകുന്നു.

സ്വപ്നങ്ങളാണ് നമ്മളെ ലക്ഷ്യത്തിലേക്ക്
നയിക്കുന്നതും,ജീവിതത്തിലെ പ്രതിസന്ധികളെ നേരിടാൻ
നമ്മളെ പ്രാപ്തരാക്കുന്നതും...

രാത്രിയിൽ നമ്മൾ കാണുന്ന സ്വപ്നത്തെ ചന്ദ്രൻെറ
നിലാവെളിച്ചത്തിൽ പൊതിയുന്നു..

നക്ഷത്രങ്ങൾ നമ്മുടെ സ്വപ്നത്തിൻെറ യാത്രയിൽ വെളിച്ചം
പകരുന്നു.

പകൽ സ്വപ്നത്തിനേക്കാൾ വിശാലവും അത്മീയവുമാണ്
രാത്രിയിലെ സ്വപ്നം....
സ്വപ്നമെന്നത് ഒരവസ്ഥയല്ല, അതൊരു ആഗ്രഹമാണ്...



ആൻജിയ ബിജു

# മഴവില്ല്

ആകാശത്തെ മഴവില്ലെ
വാ വാ ക്രൂടെപ്പോരൂ നീ
ഏഴു നിറമുള്ള മഴവില്ലേ
എന്ത് രസമാ നീന്നെ കാണാൻ...

എന്നോടോത്തു കളിക്കാലോ
വാ വാ എന്റെ ക്രൂടെ
അവിടെ ഇരുന്നാൽ മുഷിയും നീ
ആകാശത്തിൻ ചിരിയല്ലെ നീ.......

എന്തു ഭംഗിയാ നിന്നെ കാണാൻ
വാ വാ നീ ക്രൂടെ
ആകാശത്തിൻ സുന്ദരിയെ നി ഏഴു നിറമുള്ള
സുന്ദരിയെ.........

ജീവിതമാകുന്ന യാത്രയിൽ, വാ വാ എന്റെ ഒപ്പം
സന്തേഷം നൽകും നീ പ്രകൃതിയെ
ചിരിപ്പിച്ചും,സന്തോഷിപ്പിച്ചും നീ........

പ്രപഞ്ചത്തിലെ എല്ലാവരെയും സന്തോഷിപ്പിച്ചും നീ വാ വാ
വാ വാ നീയും ക്രൂടെ
നീന്നെ കാണാൻ കൊതിക്കുന്നവർ എത്ര,ഭ്രൂമിയുടെ
സന്തോഷമെ.........

# സ്നേഹം

ആര്യ

സ്നേഹമാകുന്ന ജീവിതപാതകളിൽ വഴിതെറ്റിവിഴാൻ
ഇടയാക്കുമ്പോൾ

സ്നേഹത്തിൻ പലരൂപമായി ഭാവമായി എന്റെ
ജീവിത്തിലേക്ക് കടന്നുവരുന്ന പുതുമുഖങ്ങൾ

സ്നേഹം വിലകൊടുത്തുവാങ്ങാൻ കഴിയുന്നതല്ല

സ്നേഹത്തെ പിടിച്ചു പറിക്കാൻ കഴിയുകില്ല
സ്നേഹം അറിഞ്ഞു കൊടുക്കേണ്ടതാണ്

സ്നേഹിക്കാൻ സ്നേഹിക്കപ്പെടണമെന്നില്ല.
സ്നേഹത്തിനു കുറെ അകലങ്ങൾ ഉണ്ട്.

അമ്മയും അച്ഛനും സ്നേഹത്തിന്റെഉടമകൾ
ആണ്.

സ്നേഹത്തിൽ തെറ്റും ശരിയും ഉണ്ട്.

നമ്മൾ തെറ്റിലേക്ക് പോകരുത് ശരി
തെരഞ്ഞെടുക്കണം.

പ്രിതി.പി

# ഒരു പെൺകുട്ടി

ഒരു നഗരത്തിൽ പാവപ്പെട്ട ഒരു പെൺകുട്ടിയുണ്ടായിരുന്നു. ആ പെൺകുട്ടിയുടെ പേര് മിയ എന്നായിരുന്നു.മിയക്ക് അച്ഛനും അമ്മയും മാത്രമാണ് ഉള്ളത്.അവൾ പഠിക്കുന്ന ഒരു കുട്ടിയാണ്. ഒരു ദിവസം അവൾ അച്ഛനോട് പറഞ്ഞു. അച്ഛാ..... എനിക്ക് ഒരു ഫോൺ വേണം. അങ്ങനെ അവളുടെ അച്ഛൻ ഫോൺ വാങ്ങിച്ചു കൊടുത്തു. അതിനുശേഷം അവൾ എല്ലാ ദിവസവും ഫോണിൽ നോക്കിയിരുന്നു.അവളുടെ പഠിപ്പ് മുടങ്ങി. അവൾ വഴി തെറ്റി പോയി. അവൾക്ക് കുറ്റബോധം തോന്നി.ഇത്രയും പഠിച്ച് എത്തിയപ്പോൾ ഞാൻ ഫോണിൽ കളിച്ചിരുന്നു. പക്ഷേ ഇതിൽ നിന്നും അവൾക്ക് പിൻമാറാൻ കഴിഞ്ഞില്ല. അങ്ങനെ അവൾ തോറ്റു പോയി.

മധുരമിഠായി